70

മലയാളം പാട്ടുപുസ്തകം

സി.ഐ.ഡി നസീർ സീരീസ് №2

അനുപമാസ്

# ടാക്സികാർ

കഥ. നിർമ്മാണം-സംവിധാനം

## വേണു



വിമലാ
റിലീസ്

## തിരശ്ശീലയിൽ

പ്രേംനസീർ, വിൻസെൻറ്, അടൂർഭാസി, ബഹദൂർ, ജോസ്പ്രകാശ്, മുത്തയ്യാ, കടുവാക്കുളം, ഹരി, ഗിരീഷ്കുമാർ, തൃശ്ശൂർരാജൻ, മേനോൻ, നമ്പ്യാർ, പ്ലാത്തോട്ടം, ജോസ്, വിജയശ്രീ, സാധന, ശ്രീലത, പ്രേമ, വിധുബാല, ഹേമ, പാലാതങ്കം മുതലായവർ.

## ക്യാമറയ്ക്കുപിന്നിൽ

| | |
|---|---|
| കഥ | ഉമാരാധാകൃഷ്ണൻ |
| ഗാനങ്ങൾ | ശ്രീകുമാരൻതമ്പി |
| സംഗീതം | R. K. ശേഖർ |
| മേയ്ക്കപ്പ് | K. V. C. ബോസ് |
| കല | K. ബാലൻ |
| സ്റ്റിൽസ് | ത്രീസ്റ്റാർസ്, മദ്രാസ് |
| സ്റ്റുഡിയോ | പ്രകാശ്, അരുണാചലം |
| ലബോറട്ടറി | വിജയാ |
| പ്രൊഡക്ഷൻ മാനേജർ | M. V. ഐപ്പൂരു |
| പബ്ലിസിററി | സലാം |
| സംവിധാനസഹായികൾ | മോഹൻ, S. മണി |
| വേഷവിധാനം | C. ഗണേശൻ |
| ഔട്ട്ഡോർയൂണിററ് | A. P. R. യൂണിററ് |
| സ്റ്റണ്ട് | സ്റ്റണ്ട് അപ്പു |
| നൃത്തസംവിധാനം | E. മാധവൻ |
| ഛായാഗ്രഹണം | P. B. മണി |
| ചിത്രസംയോജനം | കല്യാണസുന്ദരം |
| എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ | സുകു |
| സംഭാഷണം, നിർമ്മാണം, സംവിധാനം | വേണു |
| വിതരണം | വിമലാ ഫിലിംസ്, കോട്ടയം |

## കുറെ ചോദ്യങ്ങൾ?

1. അത്യുഷ്ണമുള്ള മാർച്ചുമാസത്തിലെ ഒരു ഞായറാഴ്ച ദിവസം ഉച്ചയ്ക്കു പന്ത്രണ്ടുമണിക്ക് തിരക്കു കുറഞ്ഞ പട്ടണവീഥികളിലൂടെ ഒരു വെള്ളത്ത അംബാസഡർകാർ ഓടിച്ചുവന്ന ഒരു മാന്യൻ സമീപത്തുള്ള ഒരു പെട്രോൾ പമ്പിനു സമീപം കാർ നിറുത്തി. പത്തു ലിററർ പെട്രോൾ നിറയ്ക്കാൻ വേണ്ടി. പമ്പു മാനേജർ ബില്ലുകൊടുത്തപ്പോൾ സുമുഖനായ കാർ ഉടമ ഒരു നൂറിന്റെ നോട്ടുകൊടുത്തു. നൂറിന്റെ നോട്ടുകണ്ടാൽ കള്ളനോട്ടാണോ എന്നു ഭയപ്പെടുന്ന ഒരു കാലഘട്ടമായിരുന്നെങ്കിലും പമ്പുമാനേജർ അതു് സ്വീകരിച്ചു കാരണം കാർ ഉടമ കാഴ്ചയിൽ മാന്യനായിരുന്നു. മാനേജർ കാണിച്ച ആ ഔദാര്യം ഉണ്ടാക്കിയ അനന്തരഫലങ്ങൾ ഭയങ്കരങ്ങളാണ്? സുമുഖനും മാന്യനുമായ ആ കാർ ഉടമ ആരായിരുന്നു?

2. പട്ടണത്തിലെ ആധുനികരീതിയിലുള്ള ഏററവും വലിയ ഹോട്ടലായ ഇൻഡ്യാ ഹോട്ടലിന്റെ ഉടമ ശിവറാമിനെ നിങ്ങൾക്ക് പരിചയമുണ്ടായിരിക്കും ഓർത്തുനോക്കുക. ചെമ്പിച്ച തലമുടിയും, ബുൾഗാനിൻ താടിയുമായി സദാ പൈപ്പ് വലിച്ചുകൊണ്ടു് നടന്നിരുന്ന നല്ലവനായ ആ മനുഷ്യനെ "സി. ഐ. ഡി. നസീറി"ൽ നിങ്ങൾ കണ്ടിരിക്കും ഇന്ന് ഒരു വലിയ ഹോട്ടലിന്റെ ഉടമയാണയാൾ. മദാലസകളായ മധുരപ്പതിനേഴുകാരികളുടേയും. മദ്യക്കുപ്പികളുടേയും നടുവിൽ കഴിയുന്ന ഇന്നത്തെ ശിവറാം നല്ലവനാണോ?

3. നൂററിപന്ത്രണ്ടു് അനാഥകളെ പോററിരക്ഷിക്കുന്ന അനാഥാലയത്തിന്റെ പ്രസിഡന്റും സ്ഥാപകനുമായ ഫാദർ ഫ്രെഡറിൽ ഒരു ദൈവ

പുത്രനാണ്. പക്ഷെ ഇത്രയും വലിയ ഒരു അനാഥാലയം നടത്തിക്കൊണ്ടുപോകാനുള്ള പണം അച്ചന് എവിടെനിന്ന് കിട്ടുന്നു. നാട്ടുകാർ അതിനെക്കുറിച്ച് ചിന്തിക്കാൻ ആരംഭിച്ചു. ആ അനാഥാലയം രഹസ്യങ്ങളുടെ ആലയമാണോ?

4. റോയൽ ബാങ്ക് ഏജൻറ് രാമൻ നമ്പ്യാർ കാഴ്ചയിൽ ശാന്തനും മാന്യനുമാണ്. കള്ളനോട്ട് എന്നു കേട്ടാൽ അദ്ദേഹത്തിനു ഭയമാണ്. അതു് ഒരുവിധം അഭിനയമല്ലേ? നാട്ടുകാർ സംശയിക്കുന്നു.

5. "പൊന്നു തന്നിട്ടല്ലേ? പെണ്ണുവേണം! എന്നു പറയുന്ന അറബിയെ കേരളീയർക്കു സുപരിചിതമാണ്. ആജാനുബാഹുവായ, ഭീകരനായ ഒരു അറബി ഈ പട്ടണത്തിലുമുണ്ട്. അവനൊരുവിഷപാമ്പാണോ?

6. ആരെ കണ്ടാലും "പൂനിലാവിനുവേണ്ടി രണ്ടുവാക്ക്, രണ്ടേ രണ്ടു വാക്ക്!" എന്നു ചോദിച്ചു നടക്കുന്ന പൂനിലാവിൻെറ പത്രാധിപരായ നടത്തറ രാജപ്പൻ ഒരു സൂത്രക്കാരനല്ലേ? അയാളുടെ നടത്തത്തിലും, ഭാവത്തിലും എല്ലാം ചില പന്തികേടുകൾ ഇല്ലേ?

7 ടാക്സികാറുകളിൽ കയറിപ്പോകുന്ന സുന്ദരികളായ പെൺകുട്ടികളെ കാണാതാകുന്നു എന്നൊരു വാർത്ത പട്ടണത്തിൽ പ്രചരിച്ചിരിക്കുന്നു. ചില തൽപ്പരകക്ഷിക്കാരുടെ കുതന്ത്രമല്ലെ അതെല്ലാം. ജീവിക്കാൻ വേണ്ടി രാപകൽ ടാക്സികാറുകളോടിക്കുന്ന ആയിരമായിരം ടാക്സിഡ്രൈവർമാരുടെ ചോറിൽ മണ്ണിടാനുള്ള പണിയല്ലെ അതു്?

8. "എന്നെ ആരും സ്നേഹിക്കരുതു്. എനിക്ക് ആരേയും സ്നേഹിക്കാൻ സാദ്ധ്യമല്ല." എന്നു പറഞ്ഞു ഓടിമറയുന്ന റാണി എന്ന മദാലസ ആരാണ്?

ഇതുപോലെ നൂറുനൂറു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാൻ ഇവിടത്തെ കുററാന്വേഷണവകുപ്പിന് ശക്തിയില്ലാതായി. ജനങ്ങൾ പരിഭ്രാന്തരായി. ഇതെല്ലാം ഏല്പിക്കാൻ കൂടുതൽ കരുത്തനായ, ശക്തനായ ഒരു സി. ഐ ഡി. യെ ആവശ്യമാണ്. അതിനിന്ന് ഒരേ ഒരാൾ മാത്രമെ ഇന്ത്യയിൽ ജീവിച്ചിരിപ്പുള്ളു —സി. ഐ. ഡി. നസീർ!!

സി. ഐ. ഡി. നസീറും അദ്ദേഹത്തിന്റെ സന്തതസഹചാരിയായ അസിസ്റ്റൻ്റ് സി. ഐ. ഡി. ഭാസിയുംകൂടി ദൽഹിയിൽനിന്നും കേരളത്തിലെത്തി. ഉൽക്കണ്ഠാകുലമായ, ഞരമ്പുകൾ വലിഞ്ഞുമുറുകുന്ന, ഭീകരങ്ങളായ ദിനരാത്രങ്ങൾ അതിവേഗം കടന്നുപോയി. ഇടിയുടെ മാലപ്പടക്കങ്ങൾ പൊട്ടിത്തെറിച്ചു. ഭയം തോന്നിക്കുന്ന, വിറകൊള്ളുന്ന ആ ദിവസങ്ങളെപ്പററി വിശദീകരിക്കുന്നില്ല. നേരിൽ കാണുക. ഒടുവിൽ രഹസ്യങ്ങളുടെ മിസൈലുകൾ പൊട്ടിത്തെറിക്കുമ്പോൾ നിങ്ങൾ അത്ഭുതപ്പെടരുത്. കാരണം ഇവർ മനുഷ്യരാണ്!

---


സെപ്ററമ്പറിൽ പ്രതീക്ഷിക്കുക!

അനുപമയുടെ

## പ്രേതങ്ങളുടെ താഴ്വര
## (സി. ഐ. ഡി. നസീർസീരീസ് III)

പ്രേംനസീർ, അടൂർഭാസി, ബഹദ്ദൂർ, വിൻസെൻറ്, ജോസ് പ്രകാശ്, മുത്തയ്യ, വിജയശ്രീ, വിധുബാല etc.

കഥ, നിർമ്മാണം, സംവിധാനം

വേണു

## പാട്ട് 1

പാടിയവർ—സുധാവർമ്മാ
& സദാനന്ദൻ

M കല്പനകൾ തൻ കൽപ്പകത്തോപ്പിൽ
കനകമനോരഥ വാനപഥത്തിൽ
എത്ര പ്രതീക്ഷകൾ പൂത്തിറങ്ങി
എത്ര പ്രഭാതങ്ങൾ പൂത്തിറങ്ങി

F കൽപ്പനകൾ...................

M മിഴികൾകൊണ്ടു നീയെഴുതിയ ചിത്രങ്ങൾ
ഹൃദയംകൊണ്ടു ഞാൻ പൂർണ്ണമാക്കി

F ആ വർണ്ണ ചിത്രത്തിന്നരുണാഭയല്ലോ
ആദ്യസങ്കൽപ്പമായി

M കൽപ്പനകൾ.................

F ഹൃദയംകൊണ്ടു നീയെഴുതിയ കവിതകൾ
അധരംകൊണ്ടുഞാനേറ്റുപാടി

M ആ സ്നേഹഗാനത്തിൻ പല്ലവിയല്ലോ
ആദ്യചുംബനമായി

F കൽപ്പനകൾ.................

## പാട്ട് 2

പാടിയതു്—യേശുദാസ്

സങ്കല്പവൃന്ദാവനത്തിൽ പൂക്കും
സൌഗന്ധികമേ, പറയൂ
നിന്നിലുലാവും നവമണമേതൊരു
കന്നൽമിഴിയുടെ സ്വന്തം? [സങ്കല്പ........

മാന്ത്രിക നിദ്രയിലെന്നേ ലയിപ്പിച്ച
മായിക സൌരഭ പൂരം
ആത്മഹർഷങ്ങളിലാലോലമാടുന്നൊ–
രനുരാഗ ഹേമന്തഗന്ധം
ആരു നൽകി? നിനക്കാരു നൽകി? [സങ്കല്പ....

മാസ്മരശക്തിയാലെന്നേയുട്ടപ്പിച്ച
മായാമനോഹരവർണ്ണം
ഓരോകിനാവിൻെറ തേന്മിതാം ഉമ്പിലും
ഒളിയിട്ടുനില്ക്കുന്ന വർണ്ണം
ആരുനൽകി — നിനക്കാരു നൽകി [സങ്കല്പ....

പാട്ട് 3 പാടിയതു്—ബ്രഹ്മാനന്ദൻ

താമരപ്പൂ നാണിച്ചു-നിൻെറ
തങ്കവിഗ്രഹം വിജയിച്ചു
പുളകം പൂക്കും പൊയ്ക പറഞ്ഞു,
യുവതീ, നീയൊരു പൂവായ് വിടരൂ [താമരപ്പൂ....
നദിയുടെ ഹൃദയം ഞാൻ കണ്ടു—നിൻ
നടയിൽ ഞാനാഗതി കണ്ടു
കാററാം കാമുക കവിപാടി
കരളേ, നീയൊരു പുഴയായൊഴുകൂ [താമരപ്പൂ....
പൂവായോമന വിടരാമോ—നിന്നെ
പുൽകാം ഞാനൊരു ജലകണമായ്
പുഴയായോമന ഒഴുകാമോ
പുണരാം ഞാനൊരു കുളിർകാററായ് [താമരപ്പൂ....

പാട്ട് 4 പാടിയതു്—ജയചന്ദ്രൻ

പ്രാസാദചന്ദ്രിക പാൽത്തിരമെഴുകിയ
പല്ലവകേളീ ശയനത്തിൽ
പാർവ്വണചന്ദ്രമുഖീ നീമയങ്ങി
പാരിജാതക്കൊടിപോലെ—ഒരു
പാരിജാതക്കൊടിപോലെ! [പ്രാസാദചന്ദ്രിക....
പാലാഴിത്തെന്നൽ പരിമളം കവരാൻ
പാവാടഞൊറികളിൽ മുഖമണച്ചു
പരിഭവംകൊണ്ടോ, പരിചയം കൊണ്ടോ
കിളിവാതിൽക്കൊളുത്തുകാം പരിഹസിച്ചു—അപ്പോഠം
കിളിവാതിൽക്കൊളുത്തുകാം പരിഹസിച്ചു
[പ്രാസാദചന്ദ്രിക....
കാററിനു ദാഹം, എൻ കരളിനു ദാഹം
കമനീ യീരജനിക്കതിമോഹം!

പുളകം നെഞ്ചിൽ പൂത്തുലയുന്നു
പ്രിയയേ യെങ്ങനുണർത്തും ഞാൻ–എൻ
പ്രിയയേ യെങ്ങനുണർത്തും ഞാൻ....!
[പ്രാസാദചന്ദ്രിക....]

## പാട്ട് 5

പാടിയതു്–മാധുരി

സ്വപ്നത്തിൽ വന്നവളാം ഞാൻ
സ്വരധാര പെയ്തവളാം ഞാൻ
മധുരാനുഭൂതിതൻ വർണ്ണരേണുക്കളാൽ
മഴവില്ലു തീർത്തവളാം ഞാൻ–നിന്റെ മനസ്സിൽ
മഴവില്ലു തീർത്തവളാം ഞാൻ! [സ്വപ്നത്തിൻ....

അഴകിന്റെ വനങ്ങളിൽ തപസ്സിരുന്നു
ആനന്ദസ്വപ്നങ്ങളാം കിഴടക്കി
ആയിരമായിരമാഷാഢരാത്രികളാം
ആരാധകർക്കായ് ഞാനൊരുക്കി!
സുമവാടിയിൽ
സുഖവേദിയിൽ
മധുപാത്രവും
മധുരമോഹവും
തുളുമ്പുന്നു
വിതുമ്പുന്നു [സ്വപ്നത്തിൻ....

മറയുന്ന മാനത്തെ കലയല്ല
മാലാഖമാരുടെ സഖിയല്ല
ആലോലസുന്ദരമീരാഗ ഭൂമിയിൽ
ആനന്ദമേകും നർത്തകി ഞാൻ!
സുമവാടിയിൽ!
സുഖവേദിയിൽ!
മധുപാത്രവും!
മധുരമോഹവും!
തുളുമ്പുന്നു!
വിതുമ്പുന്നു' [സ്വപ്നത്തിൻ....

വിമലാ പ്രിൻറഴ്സ്, കോട്ടയം.